# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി 03 | 2017 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

**ഇന്ന് ദേവസ്വം ബോർഡ് സ്ഥാപനങ്ങൾക്ക് അവധി**

ശബരിമല: തിരുവിതാംകൂർ ദേവസ്വംബോർഡ് മുൻ അംഗം സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ എല്ലാ ഓഫീസുകൾക്കും ഇന്ന് (ജനുവരി 4) അവധി പ്രഖ്യാപിച്ചു.

**അനുശോചിച്ചു**

ഒരു പതിറ്റാണ്ട് ദേവസ്വംബോർഡ് അംഗമായി സേവനം അനുഷ്ഠിച്ച സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണത്തിൽ ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് മെമ്പർമാരായ അജയ് തറയിൽ, കെ രാഘവൻ എന്നിവർ അനുശോചിച്ചു

തുടരും...

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 03 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


**കുടിവെള്ളം സുലഭമാക്കാൻ വിപുലമായ സൗകര്യങ്ങൾ രണ്ട് ദിവസത്തിനുളിൽ**

സന്നിധാനത്ത് അയ്യപ്പന്മാർക്ക് കുടിവെള്ളം സുലഭമാക്കുന്നതിന് ദേവസ്വം മരാമത്ത് രണ്ടു ദിവസത്തിനുള്ളിൽ വിപുലമായ സൗകര്യമൊരുക്കും.പതിനായിരം ലിറ്റർ സംഭരണ ശേഷിയുള്ള ആർ ഓ വാട്ടർ പ്ലാന്റ് വ്യാഴാഴ്ച മുതൽ പ്രവർത്തിച്ചു തുടങ്ങും.അയ്യപ്പന്മാർ ഏറ്റവും കൂടുതൽ വിരി വയ്ക്കുന്ന പാണ്ടിത്താവളത്തിൽ 15 പുതിയ കിയോസ്കുകൾ ആരംഭിക്കും .കൂടാതെ മൂന്ന് ഔഷധ ജല കൗണ്ടർ കൂടി ആരംഭിക്കുമെന്നും മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു

സന്നിധാനത്ത് പതിനായിരം ലിറ്ററിന്റെ അഞ്ച് ആരോ വാട്ടർ ടാങ്കുകളും ആറ് യു പി പ്ലാന്റുകളുമാണ് ഉള്ളത് .232 ടാപ്പുകൾ വഴി 24 മണിക്കൂറും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയതായും ദേവസ്വം മരാമത്ത് വ്യക്തമാക്കി .നിലവിൽ പമ്പ മുതൽ ചെളിക്കുഴിവരെ ജലവിതരണ സംവിധാനം ജല അതോറിറ്റിയാണ് ഏർപ്പെടുത്തിയിരിക്കുന്നത് .

പമ്പ മുതൽ മരക്കൂട്ടം വരെ 127 കിയോസ്കുകളും ടാപ്പുകളും സ്ഥാപിച്ചാണ് ജല അതോറിറ്റി അയ്യപ്പന്മാരുടെ ദാഹമകറ്റുന്നത്.ഓരോ 30 മീറ്ററിനുമിടയിലായി സ്ഥാപിച്ചിട്ടുള്ള കിയോസ്കുകൾ വഴി മണിക്കൂറിൽ 5000 ലിറ്റർ വെള്ളം ഉപയോഗിക്കുന്നുണ്ട് . 7.1 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല വിതരണ സംവിധാനം കാര്യക്ഷമമാണെന്നും ഭക്തർക്ക് ഒരു തരത്തിലും കുടിവെള്ള ക്ഷാമം ഉണ്ടാകില്ലെന്നും ജല അതോറിറ്റി വ്യക്തമാക്കി . മരക്കൂട്ടം വരെ ഔഷധ ജല വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും ചൂട് കൂടിയ സാഹചര്യത്തിൽ പത്ത് ടാപ്പുകൾ അടങ്ങിയ കൂടുതൽ കിയോസ്കുകൾ സ്ഥാപിക്കുമെന്നും അധികൃതർ അറിയിച്ചു

തുടരും...


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 03 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok


### ഉരൽക്കുഴി- പുൽമേട് പാതയിൽ 200 വൈദ്യുതി വിളക്കുകൾ സ്ഥാപിക്കും

ഉരൽക്കുഴി- പുൽമേട് വഴിയുള്ള പാതയിൽ കൂടുതലായി 200 വൈദ്യുതി വിളക്കുകൾ സ്ഥാപിക്കും .ഇതിനുള്ള പ്രവൃത്തികൾ ആരംഭിച്ചതായി കെഎസ്ഇബി അറിയിച്ചു. പമ്പ മുതൽ സന്നിധാനംവരെ എല്ലാ പാതകളിലുമുള്ള ദീപവിതാനത്തിന് അറ്റകുറ്റപണികൾ തുടരും . മരക്കൂട്ടത്ത് തീർത്ഥാടകർക്ക് വിശ്രമസൗകര്യത്തിനായി കെട്ടിയിട്ടുള്ള പന്തൽ കാരണം വെളിച്ചക്കുറവ് ഉണ്ടായിട്ടുണ്ടന്നും ഇത് പരിഹരിക്കാണാനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കുമെന്നും അധികൃതർ അറിയിച്ചു .സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് കൂടുതൽ വിളക്കുകൾ സ്ഥാപിക്കുന്നത്. വിളക്കുകളിലോ ലൈനുകളിലോ ഉണ്ടാകുന്ന തകരാറുകളെക്കുറിച്ച് 202024 എന്ന നമ്പറിൽ അറിയിക്കാം.

മകരവിളക്കിനോട് അനുബന്ധിച്ച് കൂടുതൽ ഉദ്യോഗസ്ഥരെ സന്നിധാനത്ത് വിന്യസിക്കുന്നുണ്ടന്നും ഏത് അടിയന്തിര സാഹചര്യവും നേരിടാൻ കെഎസ്ഇബി തയ്യാറാണെന്നും അധികൃതർ അറിയിച്ചു.


തുടരും...



വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 03 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

## ലഹരിവസ്തുക്കൾ ഉപയോഗിച്ച 400 പേർക്കെതിരെ നടപടി

ശബരിമലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും സിഗരറ്റ് ,പാൻമസാല തുടങ്ങിയവ ഉപയോഗിച്ച ലഹരിവസ്തുക്കൾ ഉപയോഗിച്ചതിന് 425 പേർക്കെതിരെ നടപടിയെടുത്തതായി എക്സൈസ് വകുപ്പ് അറിയിച്ചു . സിഗരറ്റ് ,പാൻമസാല ,ചുരുട്ട് തുടങ്ങിയ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിച്ചതിനാണ് നടപടി. ഭസ്മക്കുളം ,ബെയ്‌ലിപ്പാലം ,മരക്കൂട്ടം ,കൊപ്രാക്കളം, പാണ്ടിത്താവളം ,പുല്ലുമേട് ,ശരംകുത്തി ,ശബരിപീഠം തുടങ്ങിയ പ്രദേശങ്ങളിൽ എക്സൈസ് സംഘം നടത്തിയ അന്വേഷണത്തിൽ രണ്ടു കിലോയോളം നിരോധിത പുകയില ഉൽപ്പന്നങ്ങളാണ് പിടിച്ചെടുത്തത് .

പൊതുസ്ഥലങ്ങളിൽ ഇവ ഉപയോഗിച്ചത്തിനു കുറ്റക്കാരിൽ നിന്നും 85000 രൂപ പിഴ ഈടാക്കിയതായും പമ്പ മുതൽ സന്നിധാനവും വരെ കർശന പരിശോധന തുടരുമെന്നും എക്സൈസ് സർക്കിൾ ഇൻസ്പെകൂർ കെ മോഹനൻ അറിയിച്ചു .

## അയ്യപ്പന്മാരിൽനിന്നും കൈക്കൂലി വാങ്ങിയ സെക്യൂരിറ്റി ജീവനക്കാരൻ പിടിയിൽ

സന്നിധാനം വലിയനടപ്പന്തലിൽ ക്യൂ നിന്ന അയ്യപ്പന്മാരിൽനിന്നും കൈക്കൂലി വാങ്ങിയ ദിവസവേതനക്കാരനെ ദേവസ്വം വിജിലൻസ് പിടികൂടി. സെക്യൂരിറ്റി ജീവനക്കാരനായ ആലപ്പുഴ സ്വദേശി സോമനാണ് പിടിയിലായത്. ക്യൂ ഒഴിവാക്കി എളുപ്പത്തിൽ ദർശനം നടത്താൻ സഹായിക്കാമെന്ന് വാഗ്ദാനം നൽകി ഇയാൾ തീർഥാടകരിൽനിന്ന് 700 രൂപ വീതം കൈപ്പറ്റിയിരുന്നു. അറസ്റ്റിലാകുമ്പോൾ ഇയാളുടെ കൈവശം 17,000 രൂപയോളം ഉണ്ടായിരുന്നതായും തീർഥാടകരിൽനിന്ന് ലഭിച്ചതാണ് ഈ പണമെന്ന് സമ്മതിച്ചതായും വിജിലൻസ് പറഞ്ഞു . ദേവസ്വം വിജിലൻസ് എസ്പി രതീഷ്കൃഷ്ണയുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇയാളെ പിടികൂടിയത് .

## തമിഴ്നാട് സ്വദേശി പമ്പയിൽ അന്തരിച്ചു

ശബരിമല ദർശനത്തിനെത്തിയ തീർഥാടകൻ പമ്പയിൽ ഹൃദയാഘാതംമൂലം അന്തരിച്ചു. തമിഴ്നാട് പുതുക്കോട്ട സ്വദേശി സെന്തിൽകുമാർ (47) ആണ് മരിച്ചത്.

## ദേവസ്വം ജീവനക്കാരുടെ യോഗം നാളെ

ശബരിമലയിലെ ദേവസ്വം ഉദ്യോഗസ്ഥരുടെ യോഗം നാളെ രാവിലെ 10 നും മറ്റു ഉദ്യോഗസ്ഥരുടെ യോഗം 11 നും ദേവസ്വം ഹാളിൽ നടക്കും .എല്ലാ ജീവനക്കാരും യോഗത്തിൽ പങ്കെടുക്കണമെന്ന് ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ അറിയിച്ചു

## അനുശോചിച്ചു

തിരുവിതാംകൂർ ദേവസ്വംബോർഡിലെ ആദ്യവനിതാഅംഗം സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണത്തിൽ ദേവസ്വം ബോർഡ് പ്രസിഡണ്ട് പ്രയാർ ഗോപാലകൃഷ്ണൻ അനുശോചിച്ചു .രാഷ്ട്രീയ രംഗത്തും പൊതുപ്രവർത്തനത്തിലും വ്യക്തി മുദ്ര പതിപ്പിച്ച അവരുടെ നിര്യാണം കനത്ത നഷ്ടമാണെന്നും അദ്ദേഹം പറഞ്ഞു

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 03 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### കോടതി വിധി സ്വാഗതാർഹമെന്ന് ദേവസ്വം ബോർഡ്

ശബരിമലയിലെ അപ്പം നിർമ്മാണത്തിൽ തൽസ്ഥിതി തുടരാമെന്ന കോടതി വിധി സ്വാഗതാർഹമെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പ്രയാർ ഗോപാലകൃഷ്ണൻ .പതിറ്റാണ്ടുകളായുള്ള നിർമ്മാണ രീതിയാണ് അപ്പനിർമ്മാണത്തിൽ പിന്തുടരുന്നത് .ശുദ്ധിയും വൃത്തിയും ഉറപ്പു വരുത്തി നടത്തുന്ന അപ്പനിർമ്മാണം ശാസ്ത്രീയമാണന്നും ഭക്തർക്ക് ഗുണനിലവാരമുള്ള അപ്പം തുടർന്നും ലഭ്യമാക്കാൻ വേണ്ട നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു .

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 03 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

## ശബരിമല ട്രാക്ടർ സർവീസിന് പൊലീസ് നിയന്ത്രണം

ശബരിമലയിൽ തീർഥാടകരുടെ തിരക്ക് വർധിച്ച സാഹചര്യത്തിൽ ട്രാക്ടർ സർവീസുകൾക്കു പൊലീസ് നിയന്ത്രണമേർപ്പെടുത്തി.പകൽ പന്ത്രണ്ട് മണി മുതൽ നാല് വരെയും രാത്രി പത്ത് മുതൽ മൂന്നു വരെയുമാണ് ഇനി മുതൽ ട്രാക്ടർ സർവീസ് അനുവദിക്കുക.അതേ സമയം അത്യാവശ്യ സന്ദർഭങ്ങളിൽ സാഹചര്യമനുസരിച്ചും സർവീസ് അനുവദിക്കുമെന്ന് സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ അറിയിച്ചു .

തീർഥാടകരിൽ നിന്നും വിരികൾക്ക് കൂടുതൽ നിരക്ക് ഈടാക്കിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് . .കൂടുതലായി ഈടാക്കിയ തുക അയ്യപ്പന്മാർക്കു തിരിച്ച് നൽകി . കുറ്റക്കാരിൽ നിന്ന് പിഴ ഈടാക്കിയതായും അദ്ദേഹം അറിയിച്ചു .മരക്കൂട്ടത്തു നിന്നും ചന്ദ്രാനന്ദൻ റോഡിലേക്ക് തീർഥാടകരെ അനുമതിയില്ലാതെ കടത്തി വിട്ട് പണം ഈടാക്കുന്ന ഡോളിക്കാർക്കെതിരെയും കേസെടുത്തിട്ടുണ്ട് . അഭൂതപൂർവമായ തിരക്ക് പരിഗണിച്ച് ദർശനവും മറ്റു ചടങ്ങുകളും പൂർത്തിയാക്കിയാലുടൻ തീർഥാടകർ സന്നിധാനത്ത് നിന്ന് മടങ്ങണമെന്നും പോലീസ് സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചു .

